ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ

പള്ളിയറ ശ്രീധരൻ

# ലുഡോൾഫ്

ഒരു വൃത്തത്തിന്റെ പരിധിയും വ്യാസവും തമ്മിലുള്ള അംശബന്ധമായ $\pi$ (പൈ)യുടെ വില കണ്ടെത്തുന്നതിനുവേണ്ടി ജീവിതകാലം മുഴുവൻ യത്നിച്ച ലുഡോൾഫ് വാൻ ക്യൂലൻ 1540 ജനുവരി 28ന് ജർമനിയിലെ ഹിൽഡ്ഷീമിൽ ജനിച്ചു. പിതാവ് പാവപ്പെട്ട ഒരു കച്ചവടക്കാരനായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം സ്കൂൾ വിദ്യാഭ്യാസം നേടാൻ മാത്രമേ സാധിച്ചുള്ളൂ. ഒരു ഗണിതശാസ്ത്രാധ്യാപകനായാണ് അദ്ദേഹം ഔദ്യോഗിക ജീവിതം ആരംഭിച്ചത്.



കത്തോലിക്കാ വിചാരണസമയത്ത് മറ്റ് ചില ജർമൻകാരോടൊപ്പം ലുഡോൾഫും നെതർലാന്റിലേക്ക് താമസം മാറ്റി. ഗണിതശാസ്ത്രം പഠിപ്പിച്ചിരുന്ന ലുഡോൾഫ് 1600ൽ ലീഡനിൽ ഒരു വാൾപ്പയറ്റ് സ്കൂൾ സ്ഥാപിച്ചു. അവിടെ അദ്ദേഹം വാൾപ്പയറ്റ് പഠിപ്പിച്ചിരുന്നു. കൂടാതെ ഒരു എഞ്ചിനീയറിംഗ് സ്കൂളിൽ സർവെയുടെ അധ്യാപകനായും പ്രവർത്തിച്ചു.

ലുഡോൾഫ് $\pi$ യുടെ വില 20 സ്ഥാനം വരെ കണ്ടെത്തി. പിന്നീട് 33 സ്ഥാനം വരെയും ഒടുവിൽ 35 സ്ഥാനം വരെയുമുള്ള വിലകൾ കണ്ടുപിടിച്ചു. ഇതിന് അദ്ദേഹം 262 വശങ്ങളുള്ള ബഹുഭുജവും നിർമിച്ചിരുന്നു. ത്രികോണമിതിയും ഉപയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം 35 സ്ഥാനം വരെയുള്ള വിലകൾ അദ്ദേഹത്തിന്റെ ശവക്കല്ലറയിൽ കൊത്തിവെച്ചു. ആധുനിക കമ്പ്യൂട്ടർ ഉപയോഗിച്ച് $\pi$ യുടെ വില ദശലക്ഷം വരെ കണ്ടെത്തിയിട്ടുണ്ട്.

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് തന്നെ ഒരു വൃത്തത്തിന്റെ പരിധിയും വ്യാസവും തമ്മിലുള്ള അംശബന്ധം ഗണിതശാസ്ത്രജ്ഞന്മാരുടെ സവിശേഷശ്രദ്ധ ആകർഷിച്ചിരുന്നു. കുറേകാലം ഇതിന്റെ വില 3 ആയിട്ടാണ് സ്വീകരിച്ചിരുന്നത്. ആർക്കിമിഡീസ് ഇതിന്റെ വില $3^{10}/90$ നും $3^{10}/91$ നും ഇടയ്ക്കാണെന്ന് കണ്ടെത്തി. ലുഡോൾഫ് $\pi$ യുടെ വില 20 സ്ഥാനം വരെ കണ്ടെത്തി. പിന്നീട് 33 സ്ഥാനം വരെയും ഒടുവിൽ 35 സ്ഥാനം വരെയുമുള്ള വിലകൾ കണ്ടുപിടിച്ചു. ഇതിന് അദ്ദേഹം 262 വശങ്ങളുള്ള ബഹുഭുജവും നിർമിച്ചിരുന്നു. ത്രികോണമിതിയും ഉപയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം 35 സ്ഥാനം വരെയുള്ള വിലകൾ അദ്ദേഹത്തിന്റെ ശവക്കല്ലറയിൽ കൊത്തിവച്ചു. ആധുനിക കമ്പ്യൂട്ടർ ഉപയോഗിച്ച് $\pi$ യുടെ വില ദശലക്ഷം വരെ കണ്ടെത്തിയിട്ടുണ്ട്.

ലുഡോൾഫ് ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ പ്രധാന ഗ്രന്ഥം 'ഓൺ ദി സർക്കിൾ' ആണ്. അദ്ദേഹത്തിന്റെ ഒരു വിദ്യാർത്ഥി വില്ലി ബ്രോഡ്സ്റ്റെൽ രണ്ടു ഗ്രന്ഥങ്ങൾ ലാറ്റിനിലേക്ക് തർജമ ചെയ്തിട്ടുണ്ട്.

ശാസ്ത്രജ്ഞന്മാരും ഭരണാധികാരികളും ഉൾപ്പെടെ ലുഡോൾഫിന് ധാരാളം സുഹൃത്തുക്കളുണ്ടായിരുന്നു. $\pi$ യുടെ വില കണ്ടുപിടിക്കുന്നതിന് ആർക്കിമിഡീസിന്റെ രീതി അദ്ദേഹത്തെ സഹായിച്ചിരുന്നു. $\pi$ യുടെ വില കണ്ടുപിടിക്കുന്നതിൽ ഇത്രയേറെ യത്നിച്ച മറ്റൊരാൾ ചരിത്രത്തിലില്ല. അദ്ദേഹത്തോടുള്ള ആദരസൂചകമായി $\pi$ യെ 'ലുഡോൾഫിയൻ സംഖ്യ' എന്നും വിളിക്കാറുണ്ട്. 1610 ഡിസംബർ 31 ന് ലീഡനിൽ അദ്ദേഹം അന്തരിച്ചു. ✦

>> 15

# ജർമനിക്ക് അറുപത് തികഞ്ഞു

പുനരേകീകരിക്കപ്പെട്ട ജർമനി പുതിയ യുഗത്തിലെ യൂറോപ്പിന്റെ ജനസാന്ദ്രതയേറിയ സാമ്പത്തികശക്തി രാജ്യമായിത്തീർന്നിരിക്കുന്നു. ജർമൻ ജനതയ്ക്കു പോലും ഇത്തരമൊരു സാമ്പത്തികാത്ഭുതത്തെപ്പറ്റി ഗ്രഹിക്കുവാനോ വിശദീകരിക്കുവാനോ കഴിയുന്നില്ല. ജർമനിയുടെ വികസന പ്രവർത്തനങ്ങളിൽ പങ്ക് വഹിക്കാൻ ജർമൻകാർക്കൊപ്പം വിദേശികളും എത്തിച്ചേർന്നു. ഇന്ന് അവരുടെ താത്ക്കാലിക വാസയോഗ്യമായിരുന്ന ജർമനി സ്ഥിരവാസകേന്ദ്രമായി മാറി. രാജ്യത്തിനുണ്ടായ തകർച്ചയുടെ വേദന മറക്കാതെ ഇപ്പോൾ അത്ഭുതകരമായ വ്യതിയാനങ്ങൾ നേരിട്ടനുഭവിക്കുന്ന ജീവിതശൈലിയെ സ്വാഗതം ചെയ്യുന്നു.

ജർമൻ ഫെഡറൽ റിപ്പബ്ലിക്കിന്റെ അതിശയകരമായ വളർച്ചയുടെ ചരിത്രത്തിലേക്ക് ഒരു യാത്ര ചെയ്താൽ കാണാവുന്ന യാഥാർത്ഥ്യങ്ങളാണ് നമ്മെ ഏറെ ചിന്തിപ്പിക്കുന്നത്. രാജ്യം ഭരിച്ചവരുടെ മികച്ച കഴിവും അവരുടെ ത്യാഗപൂർണമായ രാജ്യസ്നേഹവും! തിയോഡാർ ഹോയ്സും കോൺറാഡും, ലുഡ് വിങ്ങ് ഏർഹാർഡും, വില്ലി ബ്രാൻഡും, ഹെൽമുട്ട് സ്മിത്തും ഹെൽമുട്ട് കേളും അൻഗെലാമെർക്കലും ഗെർഹാൻഡ്ഷേക്റോയ്ഡറും, റിച്ചാർഡ് ഫൊൻ വൈസ്സേക്കറും കാൾ കാർസ്റ്റൻഡും ഹോർസ്റ്റ് ക്യോളറും – ജർമനിക്കു നേതൃത്വം നല്കിയ മഹാന്മാരുടെ വമ്പൻ നിര. ജർമനിയുടെ പ്രഭാവത്തിന്റെ രഹസ്യവും നിദാനവുമെന്തെന്ന് എളുപ്പത്തിൽ വെളിപ്പെടുന്നത് തന്നെ മഹാന്മാരായ ഇവരുടെ പരോക്ഷമായ പ്രാതിനിധ്യം തന്നെയാണ്.

രാജ്യത്തിന്റെ അടിസ്ഥാന നിയമ സംഹിതയെ പരിപാലിക്കുന്നന ഒരു സർക്കാർ സംവിധാനത്തിൽ ആഭ്യന്തരവും ബാഹ്യവുമായ ആഘാതങ്ങൾ ഏശുകയില്ലെന്നുള്ള പരമസത്യം ജർമൻ ജനാധിപത്യ വ്യവസ്ഥിതി ചൂണ്ടിക്കാണിക്കുന്നു. രാജ്യത്തിന്റെ ഭരണഘടനാ സംവിധാനത്തെപ്പറ്റി വ്യക്തമായ അറിവില്ലാത്ത ഭരണകർത്താക്കളും ജനങ്ങളും ഒരു രാജ്യത്തിന്റെ പരമപ്രധാനമായ സമാധാനത്തിനും വികസനത്തിനും തടസ്സമായി വരും.

1989 നവംബർ ഒൻപതാം തീയതി നാല്പത് വർഷങ്ങളായി വേർതിരിക്കപ്പെട്ടിരുന്ന പൂർവ്വജർമൻ ജനങ്ങൾക്ക് രാജ്യത്തിനു പുറത്ത് യാത്ര ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളിൽ അയവ് വരുത്തി. സർക്കാരിന്റെ പ്രസ് പ്രഖ്യാപനത്തിൽ ആകസ്മികമായി സംഭവിച്ച ഒരു പിഴവാണ് ബർലിൻ മതിൽ തുറന്നിരിക്കുന്നു എന്ന വാർത്താപ്രചാരണത്തിന് ശക്തി പകർന്നത്. തുടർന്ന് ബെർലിൻ ബ്രാൻഡൻ ബർഗർ ടോറിലേക്കും മറ്റ് അതിർത്തി നഗരങ്ങളിലേക്കും മലവെള്ളപാച്ചിൽ പോലെ ജനങ്ങൾ തിങ്ങി നീങ്ങി. ഇത് ചെന്നു കലാശിച്ചത് ബർലിൻ മതിലിന്റെ പതനത്തിലാണ്. ഇതോടെ ഏകീകരണ ചർച്ചകൾ പുരോഗമിച്ചു തുടങ്ങി.

1961 ആഗസ്റ്റ് പതിമൂന്നാം തീയതി ബെർലിൻ മതിലിന്റെ പതനം പൂർത്തിയായി.



*1990 ഒക്ടോബർ 3-ാം തീയതി ജർമനിയുടെ പുനരൈക്യം പ്രഖ്യാപിച്ച് ജനങ്ങളെ അഭിസംബോധന ചെയ്യുന്ന നേതാക്കൾ. ഹാൻസ് ടീട്രിച്ച് ജെൻഷർ (മുൻ ജർമൻ വിദേശകാര്യമന്ത്രി), ഹെൽമുട്ട് കേൾ (മുൻ ജർമൻ ചാൻസലർ), റിച്ചാർഡ് ഫൊൻ വൈസ്സേക്കർ (മുൻ ജർമൻ പ്രസിഡണ്ട്).*

ബെർലിൻ ബ്രാൻഡർ ബർഗർ ടൊറിൽ തടിച്ചുകൂടിയ ആയിരങ്ങളുടെ മുൻപിൽ ബർലിൻ ഭിത്തി തകർന്നു. "ബെർലിൻ, ബെർലിൻ തുടർന്നും ജീവിക്കും."–മഹാനായ മുൻ ചാൻസലർ വില്ലി ബ്രാൻഡ് പ്രഖ്യാപിച്ചപ്പോൾ ജനലക്ഷങ്ങൾ ആർത്തുവിളിച്ചു, ഞങ്ങൾ ഒരു ജനതയെന്ന് . അങ്ങനെ 1990 ഒക്ടോബർ മൂന്നാം തീയതി ഇരു ജർമനിയുടെയും ഔദ്യോഗിക ഐക്യം നടപ്പിലായി. ബെർലിൻ മതിൽ തകർന്നടിഞ്ഞു തറപറ്റി.

ഏകീകരണ പ്രക്രിയയിലൂടെ പൊടുന്നനെ ഒരു വലിയ സാമ്പത്തികത്തകർച്ചയെ രാജ്യത്തിന് നേരിടേണ്ടിവന്നു. എങ്കിലും പിന്നീടുള്ള കാലം പുരോഗതിയുടെയും സമ്പദ്സമൃദ്ധിയുടേതുമായിരുന്നു. ജർമൻ മണ്ണിൽ നിന്നും മേലിൽ ഒരു യുദ്ധം കൂടി ആവർത്തിക്കപ്പെടുകയില്ലെന്ന ദൃഢപ്രതിജ്ഞയാണ് ജർമനിയെ നയിക്കുന്നത്.

CYAN MAGENTA YELLOW BLACK

## അനുസ്മരണം

# കുഞ്ചാക്കോ (1910–1976)



മലയാള സിനിമയ്ക്ക് തന്മയത്വം നിറഞ്ഞൊരു സംസ്കാരം പകർന്നുനല്കിയ ചലച്ചിത്രമേഖലയിലെ ഇതിഹാസമാണ് കുഞ്ചാക്കോ. ആലപ്പുഴയിലെ പ്രമുഖ കയർ വ്യവസായിയിൽ നിന്ന് അദ്ദേഹം നടന്നുകയറിയത്, മലയാള ചലച്ചിത്ര പ്രേമികളുടെ ഹൃദയത്തിലേക്കാണ്. അവിടെ അദ്ദേഹത്തിന് ലഭിച്ചതാകട്ടെ മലയാള സിനിമാ ചക്രവർത്തിയുടെ ഇരിപ്പിടവും.

1910 ഫെബ്രുവരി 19ന് പുളിങ്കുന്നിൽ മാണി ചാക്കോയുടെയും ഏലിയാമ്മയുടെയും മകനായി കുഞ്ചാക്കോ ജനിച്ചു. കെ.വി.കോശിയുമായുള്ള സുഹൃദ്ബന്ധമാണ് കുഞ്ചാക്കോയെ സിനിമാവ്യവസായത്തിലേക്ക് കൊണ്ടുവന്നത്. 1948ൽ സുഹൃത്തുക്കളുമായി ചേർന്ന് ആലപ്പുഴയിൽ ഉദയാ സ്റ്റുഡിയോ സ്ഥാപിച്ചുകൊണ്ട് പുതിയൊരു യുഗത്തിനു തന്നെയാണ് കുഞ്ചാക്കോ തുടക്കം കുറിച്ചത്.

*ഉദയായുടെ ആദ്യസിനിമ*
*: വെള്ളിനക്ഷത്രം (1949)*
*ആദ്യം സംവിധാനം ചെയ്ത സിനിമ*
*: ഉമ്മ (1960)*
*അവസാന സിനിമ*
*: കണ്ണപ്പനുണ്ണി (1977)*

**വടക്കൻ വീരഗാഥകളെ ആധാരമാക്കി തുടരെത്തുടരെ നിർമിച്ച ചിത്രങ്ങൾ മലയാളി പ്രേഷകർക്ക് പുതിയൊരനുഭവമാണ് പകർന്നു നല്കിയത്. സിനിമാ ആസ്വാദനത്തിലും അഭിരുചിയിൽ പോലും വളരെ വലിയ മാറ്റം സൃഷ്ടിക്കുവാൻ കുഞ്ചാക്കോയ്ക്കു കഴിഞ്ഞു. ഉദയാ സ്റ്റുഡിയോ ആരംഭിച്ചതിനുശേഷമാണ് കേരളത്തിൽ ചലച്ചിത്ര നിർമാണ വിതരണ സംവിധാനം ശക്തമാക്കപ്പെട്ടത്.**

വടക്കൻ വീരഗാഥകളെ ആധാരമാക്കി തുടരെത്തുടരെ നിർമിച്ച ചിത്രങ്ങൾ മലയാളി പ്രേക്ഷകർക്ക് പുതിയൊരനുഭവമാണ് പകർന്നു നല്കിയത്. സിനിമാ ആസ്വാദനത്തിലും അഭിരുചിയിലും വളരെ വലിയ മാറ്റം സൃഷ്ടിക്കുവാൻ കുഞ്ചാക്കോയ്ക്കു കഴിഞ്ഞു. ഉദയാ സ്റ്റുഡിയോ ആരംഭിച്ചതിനുശേഷമാണ് കേരളത്തിൽ ചലച്ചിത്ര നിർമാണ വിതരണ സംവിധാനം ശക്തമാക്കപ്പെട്ടത്.

ഉദയാ സ്റ്റുഡിയോ ആരംഭിക്കുന്നതിന് മുന്നോടിയായി കെ.ആൻഡ്.കെ പ്രൊഡക്ഷൻസ് എന്ന നിർമാണ കമ്പനിക്ക് കുഞ്ചാക്കോ തുടക്കമിട്ടു.

വെള്ളിനക്ഷത്രം, നല്ലതങ്ക, മലയാളത്തിലെ ആദ്യത്തെ സൂപ്പർ ഹിറ്റ് ജീവിതനൗക, വിശപ്പിന്റെ വിളി, അച്ഛൻ, ഉമ്മ, നീലിസാലി, സീത, ഭാര്യ, ഉണ്ണിയാർച്ച, പാലാട്ടുകോമൻ, ആരോമലുണ്ണി, തുമ്പോലാർച്ച, റബേക്ക, ഇണപ്രാവുകൾ, തിലോത്തമ, അനാർക്കലി, പൊന്നാപുരം കോട്ട, കടത്തനാട്ട് മാക്കം, അരക്കള്ളൻ മുക്കാൽക്കള്ളൻ, പഴശ്ശിരാജ, നീലപ്പൊൻമാൻ, കണ്ണപ്പനുണ്ണി, ദുർഗ, അഗ്നിമൃഗം, ജ്വാല, കാട്ടുതുളസി, ഗന്ധർവക്ഷേത്രം, നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി തുടങ്ങിയ കുഞ്ചാക്കോയിലെ ചലച്ചിത്രകാരന്റെ സർഗശേഷിയും കയ്യൊപ്പും പതിഞ്ഞ ചിത്രങ്ങൾ മലയാള ചലച്ചിത്രലോകത്തെ ആ അതികായന്റെ സ്മൃതിപേടകങ്ങളായി അവശേഷിക്കുന്നു.

1976 ജൂൺ 15ന് കുഞ്ചാക്കോ അന്തരിച്ചു. ◈

# അറിയേണ്ടും വാർത്തകൾ

## പോരാട്ടം 26 വർഷം

## മരണം എൺപതിനായിരമെന്ന് ശ്രീലങ്കൻ സർക്കാർ !



ശ്രീലങ്കൻ സൈന്യവും എൽടിടിഇയുമായി നടന്നുവന്ന ഇടതടവില്ലാത്ത ഉഗ്രപോരാട്ടത്തിൽ 26 വർഷത്തിനിടെ പൊലിഞ്ഞത് എൺപതിനായിരം ജീവനാണെന്ന് സർക്കാർ വ്യക്തമാക്കി. എന്നാൽ ഐക്യരാഷ്ട്രസഭയുടെയും റെഡ്ക്രോസ് ഉൾപ്പെടെയുള്ള മറ്റ് സന്നദ്ധസംഘടനകളുടെയും ഏകദേശ കണക്കനുസരിച്ചു ജീവഹാനി ഇതിന്റെ അനേകം മടങ്ങുകൾ വരും!

അവസാനത്തെ മൂന്നുവർഷത്തെ പോരാട്ടത്തിൽ മാത്രം 6261 സുരക്ഷാ ഉദ്യോഗസ്ഥർ കൊല്ലപ്പെടുകയും 29551 പേർക്ക് പരുക്കേല്ക്കുകയും ചെയ്തെന്നു ശ്രീലങ്കൻ സർക്കാർ പറയുന്നു. അതേസമയം കൊല്ലപ്പെട്ട എൽടിടിഇ പോരാളികൾ എത്രയാണെന്നതിനെ സംബന്ധിച്ച് വ്യക്തമായ കണക്കുകളില്ല. പതിനായിരം തൊട്ട് ഇരുപത്തിരണ്ടായിരം വരെ ആകാം എന്നാണ് ശ്രീലങ്കൻ സർക്കാരിന്റെ പ്രതികരണം.

എൽടിടിഇയ്ക്കെതിരായ പോരാട്ടത്തിൽ കഴിഞ്ഞ ജനുവരിയിൽ മാത്രം ഏഴായിരത്തോളം നിരപരാധികളായ തമിഴ് വംശജർ കൊല്ലപ്പെട്ടതായി ഐക്യരാഷ്ട്രസഭ പറയുന്നു. ഇതിനോട് യോജിക്കാൻ പക്ഷേ, ശ്രീലങ്കൻ സർക്കാർ തയ്യാറല്ല. കൂടാതെ രണ്ടേമുക്കാൽ ലക്ഷത്തോളം തമിഴ്ജനത തങ്ങളുടെ സർവസ്വവും ഉപേക്ഷിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും താത്കാലിക ക്യാമ്പുകളിലേക്കും പലായനം ചെയ്തിരിക്കുന്നു. ഇവരുടെ സ്ഥിതി അത്യന്തം ദാരുണവുമാണ്.

വേണ്ടത്ര അടിസ്ഥാനസൗകര്യമോ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനുള്ള നടപടികളോ ഒന്നും തന്നെ ഏർപ്പെടുത്തുവാൻ ശ്രീലങ്കൻ സർക്കാരിന് ദിവസങ്ങൾ പിന്നിട്ടിട്ടും കഴിഞ്ഞിട്ടില്ല എന്ന ആരോപണവും ശക്തമായി ഉയരുന്നു.

എൽടിടിഇയെ അത്ര പെട്ടെന്ന് ഉയർത്തെഴുന്നേല്ക്കാൻ കഴിയാത്തവിധം തച്ചുതകർക്കാൻ ശ്രീലങ്കൻ സർക്കാരിന് കഴിഞ്ഞെങ്കിലും, മൂന്നുലക്ഷത്തോളം വരുന്ന അഭയാർത്ഥികളുടെ പുനരധിവാസം ഒരു വലിയ ഉത്തരവാദിത്വമായി അവർക്കു മുന്നിൽ അവശേഷിക്കുന്നു.

>> 7

# ചെറിയതുറയിൽ വെടിമുഴങ്ങിയത് ആർക്കുവേണ്ടി?

ആത്മശാന്തിയുടെ ജീവിതപരിസരങ്ങളിൽ മൃത്യുപാസനയുടെ ബ്യൂഗിൾ മുഴക്കിയവർക്കും, ചില മുൻവിധികളോടെ ഇവിടെത്തി ചരമപ്രസംഗം ചെയ്യുന്നവർക്കും ചെറിയതുറ വീണ്ടുവിചാരമില്ലാത്ത എടുത്തുചാട്ടത്തിന്റെ വലിയ നോട്ടപ്പിശകായിരിക്കും. ലജ്ജയാൽ ശോഭിതമായ ഇടതുപക്ഷ സർക്കാരിന് ഇതൊന്നും അലങ്കാരമായിരിക്കില്ല.

'ജനകീയ സർക്കാരിന്റെ വിജയഗാഥ നാലാം വർഷത്തിലേക്ക്' എന്ന ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ദേശാഭിമാനിക്കു നല്കിയിരിക്കുന്ന മുഴുപ്പേജ് പരസ്യത്തിൽ പതിനേഴു മന്ത്രിമാരുടെ നിര. മേലറ്റത്ത് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ. ഉള്ളതുപറഞ്ഞാൽ ശതമന്യുവിനു രോഷം വരാത്ത നിഷ്കളങ്ക ചിരിയോടെ! അതിൽ കേരളീയർ അനുഭവിച്ചറിയുന്ന നേട്ടങ്ങളിൽ ചിലതുമാത്രം: അതാവട്ടെ നാല്പത്തിനാല് നടപടികളും, അപൂർവം പദ്ധതികളും.

മത്സ്യതൊഴിലാളികൾക്കു മാത്രമായി കടാശ്വാസനിയമം; തീരമൈത്രി പദ്ധതിയിലൂടെ ആയിരംപേർക്ക് തൊഴിൽ സംരംഭവും. അക്ഷരങ്ങളിൽ തെളിയാൻ മാത്രം യോഗമുള്ള പ്രഖ്യാപനങ്ങളാണെങ്കിലും അതിനു തുരങ്കം വയ്ക്കാൻആളുണ്ടെന്നല്ലേ വാർഷികോത്സവത്തിൽ മുഴങ്ങിയ വെടിയൊച്ചയും, മണൽപരപ്പിൽ വീണ ജഡങ്ങളുടെ ജാതകഫലവും വെളിവാക്കുന്നത്?

സംസ്ഥാന ആഭ്യന്തരവകുപ്പും സിവിൽ സർവീസും ചില കാര്യങ്ങളിലെങ്കിലും യോഗ്യതാറൗണ്ടിലേക്ക് കടക്കുന്നില്ലെന്ന് ഒരിക്കൽ കൂടി തെളിയിച്ചിരിക്കുന്നു, ചെറിയതുറ സംഭവത്തിലൂടെ. അല്ലെങ്കിൽ ഗൺമാന്റെ വയർലെസ് സെറ്റിൽ നിന്നാണോ ഇത്രയും ഗുരുതരമായ സംഭവം കലക്ടർ അറിയേണ്ടത്?

വെടിവയ്പിനുശേഷവും പോലീസ് ഉദ്യോഗസ്ഥർ എന്തുകൊണ്ട് കലക്ടറുമായി ബന്ധപ്പെട്ടില്ല? പള്ളിവികാരിയുടെ ഫോൺ കോൾ വഴിയല്ല കലാപം കത്തിക്കയറുന്ന ഭീകരാവസ്ഥ കലക്ടർ അറിയേണ്ടത്. അശാന്തിയുടെ നിർമിതികേന്ദ്രം ഏതെന്നറിയേണ്ടതല്ലേ ജില്ലാ ഭരണാധികാരി?

ക്രമസമാധാനനില വഷളാവുന്ന സ്ഥലങ്ങളിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ സാന്നിധ്യം പോലീസിന് ആവശ്യപ്പെടാം; ഇവിടെ അതും ഉണ്ടായില്ല. ജില്ല മജിസ്ട്രേറ്റു കൂടിയായ കളക്ടറോ, സബ്ഡിവിഷനൽ മജിസ്ട്രേറ്റായ സബ്കളക്ടറോ വെടിവയ്ക്കാൻ ഉത്തരവ് നല്കണമെന്നിരിക്കെ ആരാണ് മുന്നിട്ടിറങ്ങിയത്? കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ലാത്തിയും തോക്കുമെടുത്ത് പെരുമാറുന്നതിനോളം ഭീകരവാഴ്ച മറ്റെന്തുണ്ട്!

വെടിവയ്പിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന മുസ്ലീംലീഗിന്റെയും പ്രതിപക്ഷ നേതാവിന്റെയും അവശ്യം ആർക്ക് നിരാകരിക്കാനാവും? ജില്ലാ മജിസ്ട്രേറ്റിന്റെ ഉത്തരവും മറിച്ചല്ല.

പേടിപ്പെടുത്തുന്ന അനുഭവങ്ങളെ ചിരിച്ചുതള്ളുന്ന കേമത്തം മുഖമുദ്രയായിട്ടുള്ള ഭരണകർത്താകൾ ചെറിയതുറ സംഭവത്തെ മഴക്കാലരോഗമെന്ന് വിശേഷിപ്പിച്ചേക്കാം. നഷ്ടപരിഹാരവും ജുഡീഷ്യൽ അന്വേഷണവും ഏർപ്പെടുത്തി തലയൂരുന്ന സർക്കാരിന്റെ ഭരണവഴികൾ എന്തെന്നും; അതിന് ചരിത്രം എത്ര മാർക്കിടുമെന്നും മന്ത്രിമാർക്കറിയാം. എന്തിനും ഏതിനും ഉദ്യോഗസ്ഥന്മാരുടെ തലയിൽ തീകോരിയിടുന്ന മന്ത്രിമാർക്ക് ചെറിയതുറ ഒരു ബാലബോധിനിയാണ്. ഈ അദ്ധ്യയനവർഷമെങ്കിലും അത് വായിച്ചും പഠിച്ചും തുടങ്ങുക! ▣

● ● ● ● ●
**ക്രമസമാധാനനില വഷളാവുന്ന സ്ഥലങ്ങളിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ സാന്നിധ്യം പോലീസിന് ആവശ്യപ്പെടാം; ഇവിടെ അതും ഉണ്ടായില്ല. ജില്ല മജിസ്ട്രേറ്റു കൂടിയായ കളക്ടറോ, സബ്ഡിവിഷനൽ മജിസ്ട്രേറ്റായ സബ്കളക്ടറോ വെടിവയ്ക്കാൻ ഉത്തരവ് നല്കണമെന്നിരിക്കെ ആരാണ് മുന്നിട്ടിറങ്ങിയത്? കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ലാത്തിയും തോക്കുമെടുത്ത് പെരുമാറുന്നതിനോളം ഭീകരവാഴ്ച മറ്റെന്തുണ്ട്!**
● ● ● ● ●

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



**കഥ**

# നിയമവൃത്തം

**ജോസ് കെ. മാനുവൽ**

കുറ്റം ചെയ്തുകഴിഞ്ഞാൽ കുഞ്ഞാമൻ കോടതിയിൽ പോകുമായിരുന്നു. കുഞ്ഞാമൻ ചെയ്ത കുറ്റങ്ങൾ ആരും കണ്ടുപിടിക്കാത്തതിനാൽ കുഞ്ഞാമൻ കുറ്റവാളി ആയിരുന്നില്ല.

നിയമം അനുശാസിക്കുന്നതിൽ നിന്നും ഭിന്നമായി ചെയ്യുന്നത് നിയമനിഷേധമാണല്ലോ? നിയമനിഷേധം കുറ്റവും.

കുഞ്ഞാമന് ഒരു മനഃസാക്ഷിയുണ്ട്. ചിന്തിക്കുന്ന, പ്രവർത്തിക്കുന്ന മനഃസാക്ഷി.

നിയമം കുറ്റം കണ്ടെത്തിയില്ലെങ്കിലും കുഞ്ഞാമന്റെ മനഃസാക്ഷി കുറ്റം സമ്മതിക്കും. കുറ്റം സമ്മതിച്ചു കഴിഞ്ഞാൽ അതിനു ശിക്ഷ ആവശ്യമാണ്. ശിക്ഷ നടപ്പാക്കിയിരുന്നതും കുഞ്ഞാമന്റെ മനഃസാക്ഷിയാണ്. ഓരോ പ്രാവശ്യവും കുഞ്ഞാമന്റെ മനഃസാക്ഷി വിധിക്കുന്ന വിധി ഒന്നുതന്നെയാണ്. ഒരു ദിവസം കോടതിയിൽ പോയിരിക്കുക. ജഡ്ജി ഒന്നും പറഞ്ഞില്ലെങ്കിൽ വെറുതെ വിട്ടതായി കരുതി തിരിച്ചുപോരിക. കുഞ്ഞാമൻ കോടതിയിൽ നിന്നും എന്നും വെറുതെ പോന്നിട്ടേയുള്ളു.

കുഞ്ഞാമന്റെ കുറ്റങ്ങൾ പലതാണ്. അറുപതുകളിലേക്ക് കാലെടുത്തു കുത്തിയ കുഞ്ഞാമന് അന്യസ്ത്രീകളിലാണ് താത്പര്യം. അതിന് പ്രായവ്യത്യാസമില്ല. അതിനായി എത്ര പണം വേണമെങ്കിലും മുടക്കുകയും എന്ത് കള്ളത്തരം വേണമെങ്കിലും പറയുകയും പ്രവർത്തിക്കുകയും ചെയ്യും.

തെറ്റു പറയരുതല്ലോ. കുഞ്ഞാമൻ ഭാര്യയായ കാർത്തിയെ പൊന്നുപോലെയാണ് നോക്കുന്നത്. അവൾ പറയുന്നതിനപ്പുറമൊരു വാക്ക് കുഞ്ഞാമനില്ലെന്നാണ് നാട്ടുകാരുടെ ഭാഷ്യം. കാർത്തിയെ സഹായിക്കുവാൻ എപ്പോഴും രണ്ട് ജോലിക്കാരികൾ വീട്ടിൽ കാണും.

ഇതിൽ കൂടുതൽ ഒരു ഭർത്താവ് എങ്ങനെയാണ് ഭാര്യയെ സ്നേഹിക്കുക?

ഭാര്യയെ മാത്രമല്ല മക്കളോടും കുഞ്ഞാമൻ തികഞ്ഞ നീതിയാണ് പുലർത്തിയിരിക്കുന്നത്. ഒരു മകളെ ഉന്നത സാമ്പത്തികമുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥനാണ് വിവാഹം കഴിച്ചുകൊടുത്തത്. വെറും ഉദ്യോഗസ്ഥനല്ല. ശമ്പളത്തെക്കാൾ കിമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥൻ. മകനു പണം കൊടുത്ത് അടുത്തുള്ള മാനേജ്മെന്റ് പ്ലസ് ടൂവിൽ ജോലി വാങ്ങിച്ചുകൊടുത്തു. ഇപ്പോൾ ഒരു സർക്കാർ ജോലിക്കാരിയായ പെണ്ണിനെ മകനായി അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

മദ്യപാനവും പുകവലിയും കുഞ്ഞാമനു ശീലമില്ല.

മൂന്നു ദിവസംമുമ്പ് കുഞ്ഞാമൻ ഒരു കുറ്റം ചെയ്തു. നിയമത്തിന്റെ മുന്നിൽ സ്ത്രീപീഡനം. അതിനു തൊട്ടുമുന്നിലത്തെ ദിവസം മറ്റൊരു കുറ്റം ചെയ്തു. ഒരു കോൺട്രാക്ടറുടെ കൈയിൽനിന്നും അല്പം പണം വാങ്ങി. നിയമത്തിന്റെ ഭാഷയിൽ പറഞ്ഞാൽ കൈക്കൂലി.

മൂന്നു ദിവസം മുമ്പു നടന്ന സംഭവമിതാണ്.

സാമ്പത്തികം കുറഞ്ഞ വീട്ടിലെ ഒരു പെൺകുട്ടിയുമായി ബന്ധപ്പെട്ടു. പെൺകുട്ടിക്ക് പ്രായം ഏറിയാൽ പതിനാറ്. അത് തീർച്ചയായും പീഡനമാണെന്ന് കുഞ്ഞാമനറിയാം. പക്ഷേ കുഞ്ഞാമനതു പറയില്ല. ആവശ്യമില്ലാതെ ജാതിപ്പേര് പറയുന്നതും ശരിയല്ലല്ലോ?

പെൺകുട്ടിയുടെ ജാതി പ്രശ്നമാക്കേണ്ട. വിവസ്ത്രർക്ക് എന്ത് ജാതി! ചെയ്തത് നിയമനിഷേധമാണെന്ന് കുഞ്ഞാമന്റെ മനസ്സ് പറഞ്ഞു. തെറ്റു പറയരുതല്ലോ. പെൺകുട്ടിക്ക് എതിർപ്പൊന്നുമില്ലായിരുന്നു. ചോദിക്കാതെ തന്നെ അവൾക്ക് പണവും കൊടുത്തു. അവൾ എന്തെങ്കിലും ആവശ്യപ്പെട്ടാൽ ഇനിയും കൊടുക്കാൻ കുഞ്ഞാമൻ തയ്യാറാണ്. ഇത്രയും പറഞ്ഞതുകൊണ്ട് കുഞ്ഞാമൻ ആരാണെന്ന് പൂർണമായും നിങ്ങൾക്ക് മനസ്സിലായോ?

കുഞ്ഞാമൻ പ്രമുഖമായ ഒരു രാഷ്ട്രീയ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയും പഞ്ചായത്തു പ്രസിഡന്റുമാണ്. ഒരു റോഡിന്റെ കോൺട്രാക്റ്റ് ശരിയാക്കി കൊടുത്തതിനാണ് കോൺട്രാക്റ്റർ കുഞ്ഞാമന് പണം കൊടുത്തത്. കുഞ്ഞാമൻ ചോദിച്ചിട്ടല്ല. കോൺട്രാക്റ്റർ കൊടുത്തു. കുഞ്ഞാമൻ വാങ്ങി. അത്രതന്നെ. കോൺട്രാക്റ്റർക്ക് ഇനി എന്തെങ്കിലുമൊരു പ്രശ്നമുണ്ടെങ്കിൽ അതു കുഞ്ഞാമൻ ശരിയാക്കിക്കൊടുക്കും.

കുഞ്ഞാമൻ കോടതി പരിസരത്ത് എത്തിക്കഴിഞ്ഞപ്പോഴാണ് അവിടം അസാധാരണമായ ഒരു വിധിക്ക് സാക്ഷിയാകുവാൻ പോകുകയാണെന്നറിഞ്ഞത്.

വിധി അറിയുവാൻ സ്ത്രീസംഘടനാ പ്രതിനിധികൾ, മാധ്യമപ്രവർത്തകർ, കോളേജ് വിദ്യാർത്ഥികൾ, സാമൂഹ്യപ്രവർത്തകർ, സാംസ്കാരിക നായകന്മാർ, പൊതുജനങ്ങൾ തുടങ്ങിയവരുടെ ഒരു നീണ്ട നിര തന്നെയുണ്ട്.

ഒരു പക്ഷേ, കോടതിയുടെ ചരിത്രത്തിലെ ഏറ്റവും ജനശ്രദ്ധയാകർഷിക്കുന്ന വിധിയാകാമത്. കോടതിക്കുള്ളിലേക്കു കയറുവാൻ കഴിയാതെ പൊതുനിരത്തിൽ നിന്ന കുഞ്ഞാമൻ കാര്യഗൗരവത്തോടെ തിരക്കി, എന്താണ് വിധി?

കുഞ്ഞാമൻ പലരുടെ നാവുകളിൽ നിന്ന് വസ്തുതകൾ അറിഞ്ഞുകൊണ്ടിരുന്നു.

'വിധി വരുന്നതേയുള്ളു' ആൾക്കൂട്ടത്തിൽ നിന്ന് ഒരാൾ പറഞ്ഞു. അപ്പോൾ കുഞ്ഞാമൻ തിരക്കി. 'എന്താണ് കേസ്?'

കേസ് വളരെ നിസ്സാരമാണ്.

സുമിതയെന്ന ഇരുപത്തെട്ടുകാരിയോട് നിയമം ക്രൂരമായി പെരുമാറുന്നു. അവളുടെ മനുഷ്യാവകാശങ്ങൾ നിർദാക്ഷിണ്യം ചവുട്ടിയരയ്ക്കുന്നു. കേസിനാസ്പദമായ വസ്തുതകൾ കുഞ്ഞാമൻ വളരെ ലളിതമായറിഞ്ഞു.

ഇംഗ്ലീഷ് സാഹിത്യത്തിൽ യു.ജി.സിയുടെ സ്കോളർഷിപ്പോടെ പി.എച്ച്.ഡി കഴിഞ്ഞ സുമിതയെ മാധവനെന്ന കംപ്യൂട്ടർ എഞ്ചിനീയർ വിവാഹം കഴിച്ചു. വിവാഹം കഴിഞ്ഞ് ഏഴു ദിവസമായപ്പോൾ മാധവനെ പോലീസ് അറസ്റ്റ് ചെയ്ത് ലോക്കപ്പിലിട്ടു. പിന്നീട് ഇതേവരെ പുറത്തേക്കു വിട്ടിട്ടില്ല.

മാധവനെ വിട്ടുകിട്ടണമെന്ന ആവശ്യവുമായി സുമിത കോടതിയിലെത്തി. മൂന്നു വർഷം കഴിഞ്ഞിട്ടും സുമിതയ്ക്കു നീതി ലഭിച്ചില്ല. സ്ത്രീത്വവും മനുഷ്യാവകാശവും സംരക്ഷിക്കണമെന്ന ആവശ്യവുമായി സുമിത കോടതിയിൽ വീണ്ടുമൊരു കേസ് ഫയൽ ചെയ്തു.

അപ്പോൾ കുഞ്ഞാമനൊരു സത്യം തിരിച്ചറിയുകയായിരുന്നു. സത്രീത്വവും മനുഷ്യാവകാശവും രണ്ടാണെന്ന സത്യം!

സുമിത കൊടുത്ത പരാതിയുടെ സാരം ഇതാണ്. സുമിതയ്ക്ക് പ്രസവിക്കണം. മുപ്പതുകൾ കഴിഞ്ഞാൽ സ്ത്രീകളിൽ വന്ധ്യതയ്ക്കുള്ള സാദ്ധ്യത ഏറെയാണ്. ഒരു വ്യക്തിയെന്ന നിലയിൽ സമൂഹത്തോടും രാഷ്ട്രത്തോടുമുള്ള കടമ വളരെ നന്നായി നിർവ്വഹിച്ച വ്യക്തിയാണ് സുമിത. സമൂഹം അനുശാസിക്കുന്ന നിയമത്തിനു വിധേയമായിട്ടേ ജീവിച്ചുള്ളു. ലൈംഗികത സ്വാതന്ത്ര്യമാണ്. ആ സ്വാതന്ത്ര്യത്തിന് സമൂഹവും നിയമവും അനുശാസിക്കുന്ന ചില പരിമിതികളുണ്ട്. വിവാഹത്തിലൂടെ സുമിത നിയമത്തെയും പരിമിതിയെയും അംഗീകരിക്കുകയായിരുന്നു.

സുമിതയ്ക്ക് ഭർത്താവായ മാധവനെ വിട്ടുകിട്ടണം. നിയമത്തിനു വിധേയായി കഴിയുന്ന സുമിതയുടെ അവകാശം നടപ്പാക്കി കിട്ടുവാനുള്ള അപേക്ഷ. ഇതെല്ലാം കേട്ടപ്പോൾ കുഞ്ഞാമന് ദുഃഖം തോന്നി. ഒരു പെൺകുട്ടിയോട് അതും നിയമത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്ന പെൺകുട്ടിയോട് നിയമം ഇത്രയും ക്രൂരത കാട്ടിയത് ഒരിക്കലും ന്യായീകരിക്കുവാൻ കഴിയാത്തതാണ്.



അപ്പോഴാണ് മാധവൻ എന്തു കുറ്റമാണ് ചെയ്തതെന്ന് കുഞ്ഞാമൻ ചിന്തിച്ചത്. കുഞ്ഞാമൻ ചുറ്റും നിന്നവരോട് തിരക്കി മാധവൻ ചെയ്ത തെറ്റുമറിഞ്ഞു.

കംപ്യൂട്ടർ വൈറസുകൾക്കു ജന്മം കൊടുത്തതാണ് മാധവന്റെ പേരിലുള്ള കുറ്റം. മാധവൻ ജന്മം കൊടുത്ത വൈറസുകൾ ഓരോരോ സൈറ്റുകളിൽ കയറി വളർന്ന് സ്വയം പ്രഖ്യാപിക്കുന്നു. 'യന്ത്രത്തിന്റെ ബുദ്ധിയിൽ നിന്നും മനുഷ്യന്റെ ബുദ്ധിയിലേക്കു തിരിച്ചു പോകാം.'

നിയമം പറയുന്നു, മാധവൻ ഭീകരനാണ്. കൊടുംഭീകരൻ. ലോകത്തെ നശിപ്പിക്കുന്ന ഭീകരൻ. വാർത്താലോകവും മാധവനെ വെറുതെ വിട്ടില്ല. 'കലിയുഗത്തിന്റെ പ്രവാചകനെന്നും, 'കല്ക്കിയുടെ ജന്മ' മെന്നുമാണ് അവർ വിശേഷണങ്ങൾ നല്കിയത്.

മാധവന് പറയാനുള്ളതിനെപ്പറ്റി ആരും ശ്രദ്ധിക്കാറേയില്ല.

മാധവൻ ആവർത്തിച്ച് ആണയിട്ട് പറഞ്ഞുകൊണ്ടിരുന്നു. 'ഞാൻ ബോധപൂർവ്വമായി ഒന്നും ചെയ്തിട്ടില്ല. കംപ്യൂട്ടറിൽ പുതിയ നിരീക്ഷണങ്ങൾ നടത്തുമ്പോൾ അത് വൈറസായി മാറുകയാണ്.

എല്ലാം അറിഞ്ഞു കഴിഞ്ഞപ്പോൾ കുഞ്ഞാമന് സുമിതയുടെ മുഖമൊന്നു കാണുവാൻ കൊതി തോന്നി. കോടതിക്കുള്ളിലേക്കു കയറുവാൻ കുഞ്ഞാമൻ ആൾക്കൂട്ടത്തിനിടയിലൂടെ തിക്കിത്തിരക്കി. കുഞ്ഞാമൻ തിക്കിത്തിരക്കുന്നതിനിടയിൽ കോടതി വിധി പറഞ്ഞു. അവിടെക്കൂടി നിന്ന ജനങ്ങളിൽ നിന്നുമാണ് കുഞ്ഞാമൻ വിധിയറിഞ്ഞത്.

"പെൺകുട്ടി ഗർഭം ധരിക്കുന്നതിലോ ലൈംഗികത അനുഭവിക്കുന്നതിലോ കോടതിക്ക് എതിർപ്പില്ല. ഭീകരനായ മാധവനിൽ നിന്നുതന്നെ അതു വേണമെന്ന് ശാഠ്യം പിടിക്കുന്നത് അംഗീകരിക്കാനാവാത്ത വസ്തുതയാണ്. ഭർത്താവ് കുറ്റവാളി ആയതിനാൽ നിയമപരമായി വിവാഹം വേർപെടുത്തുവാനുള്ള സഹായം കോടതി നടത്തിത്തരാം. നിങ്ങൾ നിയമത്തെയും കോടതിയെയും അംഗീകരിക്കുന്നതിനാൽ നിങ്ങളുടെ കാര്യത്തിൽ കോടതിക്ക് പ്രത്യേക താത്പര്യമുണ്ട്.

ഇതറിഞ്ഞപ്പോൾ കുഞ്ഞാമനു തോന്നി നിയമം വല്ലാത്തൊരു വൃത്തമാണ്. രൂപം മാറുകയും ഭാവം പകരുകയും ചെയ്യുന്ന വൃത്തം. അടുക്കും തോറും ആകർഷണീയത ഏറുന്ന വിഷമവൃത്തം.

നിയമവൃത്തത്തിനുള്ളിൽപെട്ട് വിഷമിക്കുന്നവരുടെ സംഗമസ്ഥലത്തു നിന്നും കുഞ്ഞാമൻ നടന്നു തുടങ്ങി. അപ്പോൾ കുഞ്ഞാമന്റെ മനസ്സു പറഞ്ഞു. കുറ്റവാളികൾ കുറ്റവാളികളല്ലാത്തവരെ കുറ്റകരമായ രീതിയിൽ വിധിക്കുന്നു. അല്പം നടന്നുകഴിഞ്ഞ് കുഞ്ഞാമൻ തിരിഞ്ഞുനിന്ന് നിയമവൃത്തത്തിനുള്ളിൽ നില്ക്കുന്നവരെ കൗതുകത്തോടെ നോക്കി.

കുഞ്ഞാമൻ പിന്നെയും തിരിഞ്ഞുനടന്നു. കുഞ്ഞാമന്റെ, ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ലോകത്തിലേക്ക്.

⟐

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK





# ന്യൂസ് ഡയറി

(24-30 മെയ് 2009)

പി. ആർ.



## കേരളം

**24.** രാജകുമാരി ഭൂമിയിടപാടിൽ മന്ത്രിയായിരിക്കെ ടി.യു.കുരുവിള വഴിവിട്ട സഹായം ആവശ്യപ്പെട്ട് തന്നെ സ്വാധീനിക്കാൻ ശ്രമിച്ചതായി അന്ന് ഇടുക്കി കളക്ടറായിരുന്ന രാജു നാരായണ സ്വാമി, ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന് മൊഴി നല്കി.



- കണ്ണൂരിൽ ആർഎസ്എസ് പ്രവർത്തകൻ ബോംബേറിൽ കൊല്ലപ്പെട്ട സംഭവത്തിൽ പ്രതികളായ 14 സിപിഎം പ്രവർത്തകരെ വെറുതെ വിട്ട തലശ്ശേരി സെഷൻസ് കോടതി ഉത്തരവ് റദ്ദാക്കുകയും നിലവിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ കേസിൽ വീണ്ടും വിചാരണ നടത്തുവാൻ നിർദേശിക്കുകയും ചെയ്തുകൊണ്ട് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവ്.



**25.** കേരള സർവകലാശാല പ്രോ വൈസ് ചാൻസലറായി ഡോ.ജെ.പ്രഭാഷിനെ നിയമിച്ചു.



- തിരുവനന്തപുരം ബീമാപ്പള്ളി ചെറിയതുറ വെടിവയ്പ്പുമായി ബന്ധപ്പെട്ട് സസ്പെൻഷനിൽ കഴിയുന്ന നാല് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കൊലക്കുറ്റത്തിനു കേസെടുത്ത് അന്വേഷണം നടത്താൻ ജുഡീഷ്യൽ മജിസ്ട്രേറ്റ് ഉത്തരവ്.

**26.** ചെറിയതുറ വെടിവയ്പ്പിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സിറ്റിംഗ് ജഡ്ജിയുടെ സേവനം വിട്ടുകൊടുക്കേണ്ടതില്ലെന്ന് ഹൈക്കോടതി.

- സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം നിലവിൽവന്ന ശിവഗിരിയിലെ ശ്രീനാരായണ ധർമസംഘം ഉപദേശക സമിതിയിലെ ഏഴ് അംഗങ്ങളും രാജിവച്ചു.

**27.** ജനപ്രാതിനിധ്യ നിയമത്തിൽ മാറ്റം വരുത്തി പ്രവാസികൾക്ക് വോട്ടവകാശം നല്കണമെന്നാവശ്യപ്പെട്ടുള്ള ഹർജി ഫയലിൽ സ്വീകരിച്ച ഹൈക്കോടതി, സംസ്ഥാന, കേന്ദ്രസർക്കാരുകൾക്കും തെരഞ്ഞെടുപ്പ് കമ്മീഷനും നോട്ടീസയച്ചു.



- ലാവ്ലിൻ വിഷയത്തിൽ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ പിബിനിലപാടിന് വിരുദ്ധമായ നിലപാട് സ്വീകരിച്ചത്, ഇടതുമുന്നണിയിൽ അഭിപ്രായൈക്യം ഉണ്ടാകാതെയുള്ള പിഡിപി ബന്ധം എന്നിവ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിയെ പരാജയത്തിലേക്ക് നയിച്ചതായി സംസ്ഥാന കമ്മിറ്റിയിൽ സിപിഎം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്.



**28.** തിരുവനന്തപുരത്തുനിന്നും ലോക്സഭയിലെത്തിയ ശശി തരൂരിന് കേന്ദ്രമന്ത്രിസഭയിൽ അംഗത്വം ലഭിച്ചതോടെ സംസ്ഥാന തലസ്ഥാനത്തുനിന്നുള്ള ആദ്യ കേന്ദ്രമന്ത്രിയായി അദ്ദേഹം.



- ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാനായി തോട്ടത്തിൽ രവീന്ദ്രനെ വീണ്ടും തെരഞ്ഞെടുത്തു.

- സംസ്ഥാനത്തെ 20ൽ 19 തദ്ദേശസ്ഥാപന വാർഡുകളിലേക്കു നടന്ന ഉപതെരഞ്ഞെടുപ്പിൽ 12ൽ എൽഡിഎഫും ആറിടത്ത് യുഡിഎഫും ഒരു വാർഡിൽ ബിജെപിയും വിജയിച്ചു. കണ്ണുമലപ്പട്ടം പഞ്ചായത്തിലെ മലപ്പട്ടം ഈസ്റ്റ് വാർഡിൽ നിന്ന് സിപിഎം സ്ഥാനാർത്ഥി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.



**29.** ഉൾപ്പാർട്ടി ജനാധിപത്യവും സ്വയം വിമർശനവും ഇല്ലാത്തതാണു സിപിഎമ്മിന്റെ ഇപ്പോഴത്തെ തകർച്ചയ്ക്കു പ്രധാന കാരണമെന്ന് കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി.

- സിപിഎം പിളർത്താൻ വി.എസ്.അച്യുതാനന്ദന്റെ നേതൃത്വത്തിൽ തന്റെ വീട്ടിൽ യോഗം ചേർന്നിരുന്നു എന്ന പാർട്ടി സംസ്ഥാന കമ്മിറ്റി അംഗം സി.എം.ദിനേശ് മണി എംഎൽഎയുടെ വെളിപ്പെടുത്തൽ പച്ചക്കള്ളമാണെന്ന് കെ.ചന്ദ്രൻപിള്ള.

**30.** കെ.ജെ. മാത്യു സ്ഥാനമൊഴിഞ്ഞ ഒഴിവിൽ സംസ്ഥാനത്തിന്റെ മുപ്പത്തിനാലാമത്തെ ചീഫ് സെക്രട്ടറിയായി നീലാ ഗംഗാധരൻ ചുമതലയേറ്റു.

- ഇരുവിഭാഗങ്ങളിലായി വിഭജിച്ചുനില്ക്കുന്ന കേരളാ കോൺഗ്രസ് വിഭാഗങ്ങൾ ഒരു പാർട്ടിയായി തീരണമെന്നതു പ്രവർത്തകരുടെ പൊതുവികാരവും കാലഘട്ടത്തിന്റെ അനിവാര്യതയുമാണെന്ന് പി.സി.ജോർജ് എംഎൽഎ.



## ദേശീയം

**24.** സമാജ്വാദി പാർട്ടി സ്ഥാപകനേതാക്കളിൽ ഒരാളും ജനറൽ സെക്രട്ടറിയുമായ അസംഖാനെ പാർട്ടിവിരുദ്ധ പ്രവർത്തനങ്ങൾ ആരോപിച്ച് ആറു വർഷത്തേക്കു പുറത്താക്കി.

- മുംബൈയിൽ ആക്രമണം നടത്തുകയും സൈനികരുടെ പ്രത്യാക്രമണത്തിനിടെ കൊല്ലപ്പെടുകയും ചെയ്ത ഒൻപത് തീവ്രവാദികളുടെ മൃതദേഹങ്ങൾ പാകിസ്ഥാനിലേക്ക് അയയ്ക്കുകയോ മുസ്ലീം ആചാരപ്രകാരം സംസ്കരിക്കുകയോ ചെയ്യണമെന്ന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ഉജ്വൽ നിഗം ആവശ്യപ്പെട്ടു.



**25.** പശ്ചിമബംഗാളിലും ഒറീസയിലും വിശീയടിച്ച 'ആയില' ചുഴലിക്കാറ്റിൽ 23 പേർ കൊല്ലപ്പെടുകയും പതിനായിരക്കണക്കിന് ആളുകൾ ഭവനരഹിതരാവുകയും ചെയ്തു.



- ഓസ്ട്രിയൻ തലസ്ഥാനമായ വിയന്നയിലെ ഗുരുദ്വാരയിൽ സിഖ് മതനേതാവ് ശാന്ത് രാമാനന്ദ് കൊല്ലപ്പെട്ട സംഭവത്തിൽ പഞ്ചാബിലും ഹരിയാനയിലും പ്രതിഷേധം അക്രമാസക്തമായതിനെത്തുടർന്ന് പോലീസ് നടത്തിയ വെടിവയ്പ്പിൽ രണ്ടു മരണം.



- മാവോയിസ്റ്റ് ബന്ധം ആരോപിച്ച് ഛത്തീസ്ഗഡ് സർക്കാർ രണ്ടുവർഷത്തിലേറെയായി റായ്പൂരിലെ ജയിലിൽ പാർപ്പിച്ചിരുന്ന പ്രമുഖ മനുഷ്യാവകാശ പ്രവർത്തകനും ശിശുരോഗ വിദഗ്ധനുമായ ഡോ.ബിനായക് സെന്നിന് സുപ്രീംകോടതി ജാമ്യമനുവദിച്ചു.

- കൊൽക്കത്തയിലെ യുദ്ധോപകരണ നിർമാണ ശാലയിലെ ആയുധ ഇടപാടിലുള്ള അഴിമതിയുമായി ബന്ധപ്പെട്ട് എയർ ഇന്ത്യ അഡീഷണൽ ജനറൽ മാനേജർ കണ്ണൂർ ചെറുകുന്ന് സ്വദേശിയായ രമേശ് നമ്പ്യാരെ സിബിഐ ഡൽഹിയിലെ വസതിയിൽ നിന്ന് അറസ്റ്റുചെയ്തു.



- പ്രതിരോധ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ആയുധയിടപാടുകളും സുതാര്യത ഉറപ്പാക്കി മാത്രമേ നടത്തുകയുള്ളൂവെന്നു പ്രതിരോധ മന്ത്രിയായി ചുമതലയേറ്റ എ.കെ.ആന്റണി.



- മേഘാലയയിൽ കോൺഗ്രസ് നേതാവ് ഡി.ഡി. ലപാങിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ 60 അംഗ നിയമസഭയിൽ 43 പേരുടെ പിന്തുണയോടെ വിശ്വാസവോട്ട് നേടി.



- കോൺഗ്രസ് നേതാവും മുൻ കാശ്മീർ രാജാവുമായ കരൺ സിംഗിന്റെ പത്നിയും പ്രമുഖ സാമൂഹ്യപ്രവർത്തകയുമായ യശോ രാജ്യ ലക്ഷ്മി (71) അന്തരിച്ചു.

**26.** ആയില ചുഴലിക്കൊടുങ്കാറ്റിൽ പശ്ചിമബംഗാളിൽ 81 ഉം, ബംഗ്ലാദേശിൽ 62 ഉം ആയി മരണസംഖ്യ ഉയർന്നു.

- ആന്ധ്രാപ്രദേശിലെ ആദ്യത്തെ വനിതാ ആഭ്യന്തര മന്ത്രിയായി മുൻ ആഭ്യന്തര മന്ത്രി ഇന്ദ്ര റെഡ്ഡിയുടെ ഭാര്യയായ സബിത ഇന്ദ്ര റെഡ്ഡി സത്യപ്രതിജ്ഞ ചെയ്തു.

**27.** പ്രസാർഭാരതി ചെയർമാൻ അരുൺ ഭട്നാഗർ തത്സ്ഥാനം രാജിവച്ചു.

- വിയന്നയിൽ സിഖ് പുരോഹിതൻ കൊല്ലപ്പെട്ടതിനെത്തുടർന്നുണ്ടായ അക്രമങ്ങളിൽ പഞ്ചാബിൽ ഏഴായിരം കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി അസോസിയേറ്റഡ് ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി.

**28.** കേരളത്തിൽനിന്നുള്ള നാലുപേരുൾപ്പെടെ 59 പേർകൂടി കേന്ദ്രമന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

- ഇ.അഹമ്മദ് (റെയിൽവേ), പ്രൊഫ. കെ.വി.തോമസ്(കൃഷി ഭക്ഷ്യം, പൊതുവിതരണം), മുല്ലപ്പള്ളി രാമചന്ദ്രൻ (ആഭ്യന്തരം), ശശിതരൂർ (വിദേശകാര്യം) മൻമോഹൻ സിംഗ് മന്ത്രിസഭയിലെ സഹമന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു.

- ന്യൂഡൽഹിയിലെ പാലം വ്യോമകേന്ദ്രത്തിൽ നടന്ന ചടങ്ങിൽ ഇസ്രായേൽ നിർമിതമായ അവാക്സ് റഡാർ പ്രതിരോധമന്ത്രി എ.കെ.ആന്റണി വ്യോമസേനയ്ക്കു കൈമാറി.

**29.** തമിഴ്നാടിന്റെ ചരിത്രത്തിലെ ആദ്യ ഉപമുഖ്യമന്ത്രിയായി കരുണാനിധിയുടെ മകൻ എം.കെ.സ്റ്റാലിൻ (56) ചുമതലയേറ്റു.

- ധനമന്ത്രി പ്രണബ് കുമാർ മുഖർജിയെ ലോക്സഭയിലെ സഭാനേതാവായി രണ്ടാംതവണയും പ്രധാനമന്ത്രി മൻമോഹൻ സിംഗ് നിയോഗിച്ചു.

- ശശി തരൂർ കേന്ദ്ര വിദേശകാര്യ സഹമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

**30.** മഹാരാഷ്ട്രയിലെ നന്ദൂർ ബാറിൽ നിന്നുള്ള മുതിർന്ന കോൺഗ്രസ് അംഗം മണിക് റാവു ഗവിതിനെ ലോക്സഭയുടെ പ്രോ ടൈം സ്പീക്കറായി രാഷ്ട്രപതി നിയമിച്ചു.

- വടകര എം.പി. മുല്ലപ്പള്ളി രാമചന്ദ്രൻ കേന്ദ്ര ആഭ്യന്തര സഹമന്ത്രിയായി ചുമതലയേറ്റു.



## വിദേശം



**24.** ഫ്രാൻസിലെ കാൻ ചലച്ചിത്രമേളയിൽ മികച്ച ചിത്രത്തിനുള്ള പാം ഡി ഓർ പുരസ്കാരം മൈക്കൽ ഹെനേക്കെ സംവിധാനം ചെയ്ത ഓസ്ട്രേലിയൻ ചിത്രമായ 'ദി വൈറ്റ് റിബൺ' നേടി.

- പോലീസ് ഹെഡ്ക്വാർട്ടേഴ്സിലേക്ക് ട്രക്ക് ഓടിച്ചുകയറ്റി ഉണ്ടായ ചാവേർ സ്ഫോടനത്തിൽ സൊമാലിയൻ തലസ്ഥാനമായ മൊഗാദിഷുവിൽ ഏഴുപേർ കൊല്ലപ്പെട്ടു.



**25.** ദക്ഷിണാഫ്രിക്കയിലെ മഹാത്മാഗാന്ധി ഫൗണ്ടേഷൻ ഏർപ്പെടുത്തിയ മഹാത്മാഗാന്ധി സമാധാന പുരസ്കാരം മ്യാൻമറിലെ സ്വാതന്ത്ര്യ പ്രക്ഷോഭ നേതാവ് ആങ്സാൻ സൂചിക്ക്.



- നേപ്പാളി കോൺഗ്രസ്, മാവോയിസ്റ്റ് പാർട്ടി എന്നിവയുടെ പിന്തുണയോടെ കമ്യൂണിസ്റ്റ് നേതാവ് മാധവ്കുമാർ നേപ്പാൾ പ്രസിഡണ്ട് റാം ബാരൻ യാദവ് മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് പ്രധാനമന്ത്രിസ്ഥാനമേറ്റെടുത്തു.

**26.** താലിബാനെതിരെ ശക്തമായ ആക്രമണം തുടരുന്ന പാകിസ്ഥാൻ സൈന്യം സ്വാത് വിമാനത്താവളത്തിന്റെ നിയന്ത്രണം പൂർണമായും പിടിച്ചെടുത്തു.

- നവാസ് ഷെരീഫ്, സഹോദരൻ ഷഹബാസ് ഷെരീഫ് എന്നിവർക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് വിലക്കേർപ്പെടുത്തിക്കൊണ്ട് മുൻപ് പുറപ്പെടുവിച്ച വിധി പാകിസ്ഥാൻ സുപ്രീം കോടതി റദ്ദാക്കി.

**27.** പാകിസ്ഥാൻ ചാരസംഘടനയായ ഐഎസ്ഐയുടെ ലാഹോർ ഓഫീസ് ലക്ഷ്യമിട്ട് അഞ്ചംഗ താലിബാൻ തീവ്രവാദികൾ നടത്തിയ ആക്രമണത്തിൽ 35 പേർ കൊല്ലപ്പെടുകയും മുന്നൂറിലേറെപ്പേർക്കു പരുക്കേല്ക്കുകയും ചെയ്തു.

- പ്രശസ്ത കനേഡിയൻ ചെറുകഥാകൃത്ത് ആലീസ് മൺറോ (77) ഈ വർഷത്തെ മാൻ ബുക്കർ ഇന്റർനാഷണൽ പ്രൈസിന് അർഹയായി.

**28.** പാകിസ്ഥാനിൽ സ്വാത് താഴ്വര ഉൾപ്പെടുന്ന വടക്കുപടിഞ്ഞാറൻ പ്രവിശ്യയുടെ തലസ്ഥാനമായ പെഷാവറിൽ മൂന്നിടങ്ങളിലായി നടന്ന സ്ഫോടനങ്ങളിൽ 11 മരണം.

- പാകിസ്ഥാൻ അതിർത്തിയോടു ചേർന്ന ഇറാനിലെ സഹെദാൻ നഗരത്തിലെ മസ്ജിദിലുണ്ടായ സ്ഫോടനത്തിൽ 30 പേർ കൊല്ലപ്പെട്ടു.

**29.** തെക്കുകിഴക്കൻ നഗരമായ സഹെദാനിലെ മസ്ജിദിൽ സ്ഫോടനം നടത്തിയത് അമേരിക്ക വാടകയ്ക്കെടുത്തവരാണെന്ന് ഇറാൻ.

- എൽടിടിഇ വനിതാസേനയുടെ മേധാവിയായിരുന്ന സുബ്രഹ്മണ്യം ശിവതായ് എന്ന തമിഴിനി, വാറുന്നിയയിലെ അഭയാർത്ഥി ക്യാമ്പിൽനിന്ന് സൈന്യത്തിന്റെ പിടിയിലായി.

**30.** ഇറാൻ നഗരമായ സഹെദാനിലെ മസ്ജിദിൽ 25 പേരുടെ മരണത്തിനിടയാക്കിയ സ്ഫോടനം നടത്തിയ മൂന്നു പേരെ സംഭവം നടന്ന് 36 മണിക്കൂറിനുശേഷം തൂക്കിക്കൊന്നു.

- സ്വാത് താഴ്വരയിലെ പ്രധാനപട്ടണമായ മിൻഗോറയുടെ നിയന്ത്രണം ഒരാഴ്ച നീണ്ടുനിന്ന പോരാട്ടത്തിലൂടെ താലിബാനിൽ നിന്നും പാകിസ്ഥാൻ സൈന്യം തിരിച്ചു പിടിച്ചു.

***********

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ വാരിക

2009 ജൂൺ 10
ഒരു കോപ്പി വില - 7.00
**വരിസംഖ്യ** വാർഷികം - 300
അർധ വാർഷികം - 160

റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക

Prathichaya
NEWS WEEKLY

Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment

>> 1

# കേന്ദ്രത്തിൽ പുതിയ മന്ത്രിസഭ കേരളത്തിനും വികസന പ്രതീക്ഷകൾ

ഈ കുറവു നികത്താൻ ഇന്നു കേരളത്തിലെത്തുന്നതിൽ അധികം പേരും ബംഗാളികളാണ്. ഒറീസ്സയിലും ബീഹാറിലും നിന്നും കുറേപ്പേർ എത്തുന്നുണ്ട്. തമിഴ്നാട്ടിൽ നിന്നോ ആന്ധ്രാപ്രദേശിൽ നിന്നോ ആളുകൾ കാര്യമായെത്തുന്നില്ല. എന്താണു കാരണം? അവർ വികസനമേഖലയിൽ ഇന്നു നമ്മെക്കാൾ ബഹുദൂരം മുന്നിലായിരിക്കുന്നു. അമേരിക്കയിലും യൂറോപ്പിലും ഐടി മേഖലയിൽ വിദഗ്ധ ജോലി ചെയ്യുന്ന ഇന്ത്യക്കാരിൽ ഏറ്റവുമധികം പേർ ആന്ധ്രാപ്രദേശിൽ നിന്നാണത്രെ.

എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു? ഏതു രാഷ്ട്രീയപാർട്ടി അധികാരത്തിൽ വന്നാലും നാടിന്റെ വികസനത്തിൽ അവർ രാഷ്ട്രീയം കലർത്താറില്ല. കേന്ദ്രത്തിൽ നിന്നു കിട്ടാവുന്നതിലധികം കണക്കു പറഞ്ഞു വാങ്ങി നാട്ടിലെത്തിക്കാൻ അവർ മത്സരിക്കും. എതിർകക്ഷി തുടങ്ങിവച്ച ഒരു പദ്ധതിയും രാഷ്ട്രീയ കാരണം കൊണ്ടു മാത്രം മുടങ്ങിപ്പോകാൻ അവർ അനുവദിക്കാറില്ല.

ഇനിയെങ്കിലും ഇതിനൊരു മാറ്റം ഉണ്ടാകുമെന്നു നമുക്കു പ്രതീക്ഷിക്കാം. കാബിനറ്റു റാങ്കുള്ള രണ്ടു മന്ത്രിമാർ ഉൾപ്പെടെ ആറുകേരളീയർ കേന്ദ്രമന്ത്രിസഭയിലെത്തിയിരിക്കുന്നു. വികസനം ഇടതുപക്ഷത്തിലൂടെ മാത്രമേ ആകാവൂ എന്ന ദുർവാശി സ്മാർട്ട് സിറ്റിയുടെ അനുഭവത്തിലേക്കായിരിക്കും കേരളത്തെ നയിക്കുക! യുഡിഎഫിന്റെ ഭരണകാലത്തു യാഥാർത്ഥ്യമാകുമായിരുന്ന കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ സംരംഭം കൂടിയായ സ്മാർട്ട് സിറ്റി ഇന്നു ത്രിശങ്കുവിലാണ്. കേരളത്തിന്റെ യൗവനത്തോട് ഇത്രയും വലിയ ചതി മറ്റൊരു ഭരണകൂടവും ചെയ്തിട്ടില്ല.

സംശുദ്ധമായ കരങ്ങളുള്ള ഏ.കെ. ആന്റണി കേരളത്തിന്റെ അഭിമാനമാണ്. ഇന്ത്യയിലെ ജനങ്ങളെ മുഴുവൻ ഒന്നായി കാണുന്ന നെഹ്റുപാരമ്പര്യത്തിലാണദ്ദേഹം ചുവടുറപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് സ്വന്തം സംസ്ഥാനത്തോടു പ്രത്യേക കൂറു പുലർത്തുന്ന ഒരാളായി ആരുമദ്ദേഹത്തെ കണക്കാക്കിയിട്ടില്ല. എന്നിട്ടും പ്രതിരോധ വകുപ്പിന്റെ കീഴിൽ കേരളത്തിന് കനപ്പെട്ട ചില വികസനസംരംഭങ്ങൾ സമ്മാനിക്കാൻ അദ്ദേഹം തയ്യാറായി.


ഇ.അഹമ്മദ്


കെ.വി.തോമസ്


മുല്ലപ്പള്ളി രാമചന്ദ്രൻ


ശശി തരൂർ

**2006ൽ കേരളത്തിൽ ഇടതുകക്ഷികൾക്കു ചരിത്രഭൂരിപക്ഷം നല്കിയതും 2009ൽ വലതുകക്ഷികൾക്കു വൻ ഭൂരിപക്ഷം നല്കി ചരിത്രം തിരുത്തിയതും ഒരേ ജനത തന്നെയാണ്. ജനാധിപത്യമൂല്യങ്ങളെക്കുറിച്ചും ജനകീയഭരണത്തിന്റെ നേർവഴികളെക്കുറിച്ചും തികഞ്ഞ ബോധ്യമുള്ളവരാണു കേരളീയർ. വിലകുറഞ്ഞ രാഷ്ട്രീയക്കളികൾ നടത്തി നാടിനു നഷ്ടമുണ്ടാക്കാനല്ല, രാഷ്ട്രീയ സമവായത്തിലൂടെ നാടിനു നേട്ടമുണ്ടാക്കാനാണ് അവർ എംഎൽഎമാരെയും എംപിമാരെയും തെരഞ്ഞെടുത്ത് അയയ്ക്കുന്നത്. ഇക്കാര്യം മറന്നുപോകുന്നവരെ ഉചിതമായ വിധത്തിൽ ശിക്ഷിക്കാനും അവർക്കറിയാം.**

വയലാർ രവിയുടെയും ഇ. അഹമ്മദിന്റെയും, മന്ത്രിമാരെന്ന നിലയിലുള്ള പ്രവർത്തനം പരക്കെ അഭിനന്ദിക്കപ്പെട്ടിരുന്നു. അതിനുള്ള അംഗീകാരമാണ് അവർക്കു വീണ്ടും കൈവന്ന മന്ത്രിപദവി. മാത്രവുമല്ല, മുമ്പു കൈകാര്യം ചെയ്തിരുന്ന വകുപ്പുകൾ തന്നെ അവരെ ഏല്പ്പിക്കുകയും ചെയ്തിരിക്കുന്നു. മുല്ലപ്പള്ളി രാമചന്ദ്രനും കുറെക്കാലം കേന്ദ്രമന്ത്രിസഭാംഗമായിരുന്നു. കേരളത്തിൽ മന്ത്രിയെന്ന നിലയിൽ കെ.വി. തോമസും തന്റെ ഭരണപരമായ പ്രാഗല്ഭ്യം മുന്നേ തെളിയിച്ചിട്ടുള്ളതാണ്.

ശശി തരൂർ മാത്രമാണു പുതുമുഖം. ആദ്യതവണ എം.പിയാകുന്നവരെ മന്ത്രിസഭയിലെടുക്കേണ്ട എന്ന ആദ്യനയം കോൺഗ്രസ് തിരുത്താൻ തയ്യാറായത് ശശിക്കു സഹായകമായി. യുഎൻ അണ്ടർ സെക്രട്ടറി ജനറലെന്ന നിലയിൽ ഏറെക്കാലം പ്രവർത്തിക്കാൻ കഴിഞ്ഞ ഈ പ്രതിഭാശാലി ഇന്ത്യൻ വികസനത്തിന് ഒരു പുതിയ വാഗ്ദാനമായിരിക്കും.

ഭരണവും സമരവും ഒന്നിച്ച് എന്ന കുപ്രസിദ്ധമായ മുദ്രാവാക്യം ഇന്നും മുഷ്ടി ചുരുട്ടി മുഴക്കി നടക്കുന്ന ഇടതുപക്ഷം അർത്ഥശൂന്യമായ കേന്ദ്രവിരോധം മാറ്റിവച്ച് കേന്ദ്രവുമായി സഹകരിച്ചേ മതിയാവൂ. പഴഞ്ചൻ മുദ്രാവാക്യങ്ങൾ കുപ്പയിലെറിയുക, സമവായത്തിന്റെ കുലീന മാർഗത്തിൽ സഞ്ചരിച്ചു തുടങ്ങുക. കേന്ദ്രമന്ത്രിമാരിൽ വ്യക്തിപരമായിത്തന്നെ സമ്മർദങ്ങൾ ചെലുത്തി അവർക്കു സഹായിക്കാൻ കഴിയുന്നതിന്റെ പരമാവധി വാങ്ങിച്ചെടുക്കുക. രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങൾ നാടിന്റെ വികസനത്തെയും ജനങ്ങളുടെ ജീവിതപുരോഗതിയെയും തടസ്സപ്പെടുത്താൻ അനുവദിക്കരുത്.

2006ൽ കേരളത്തിൽ ഇടതുകക്ഷികൾക്കു ചരിത്രഭൂരിപക്ഷം നല്കിയതും 2009ൽ വലതുകക്ഷികൾക്കു വൻ ഭൂരിപക്ഷം നല്കി ചരിത്രം തിരുത്തിയതും ഒരേ ജനത തന്നെയാണ്. ജനാധിപത്യമൂല്യങ്ങളെക്കുറിച്ചും ജനകീയഭരണത്തിന്റെ നേർവഴികളെക്കുറിച്ചും തികഞ്ഞ ബോധ്യമുള്ളവരാണു കേരളീയർ. വിലകുറഞ്ഞ രാഷ്ട്രീയക്കളികൾ നടത്തി നാടിനു നഷ്ടമുണ്ടാക്കാനല്ല, രാഷ്ട്രീയ സമവായത്തിലൂടെ നാടിനു നേട്ടമുണ്ടാക്കാനാണ് അവർ എംഎൽഎമാരെയും എംപിമാരെയും തെരഞ്ഞെടുത്ത് അയയ്ക്കുന്നത്. ഇക്കാര്യം മറന്നുപോകുന്നവരെ ഉചിതമായ വിധത്തിൽ ശിക്ഷിക്കാനും അവർക്കറിയാം.

കേന്ദ്രത്തിലെ പുതിയ മന്ത്രിസഭ കേരളീയരുടെ പ്രതീക്ഷകൾക്കു പുതിയ ചിറകുകൾ മുളപ്പിച്ചിരിക്കുന്നു. അതു യാഥാർത്ഥ്യമാക്കാൻ പുതിയ കേന്ദ്രമന്ത്രിമാരുടെയും കേരള ഗവൺമെണ്ടിന്റെയും കൂട്ടായ പ്രയത്നമാണ് ഇനിയുണ്ടാവേണ്ടത്.

## അടിസ്ഥാനസൗകര്യ വികസനത്തിന് പ്രാധാന്യം നല്കും

### ജോസ് കെ. മാണി എം. പി

നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനസൗകര്യവികസനം ഉൾപ്പെടെയുള്ള സമഗ്രവികസനത്തിന് പ്രാമുഖ്യം നല്കുമെന്ന് ജോസ് കെ.മാണി എംപി പറഞ്ഞു. തിരഞ്ഞെടുപ്പു വിജയത്തിൽ വോട്ടർമാർക്ക് നന്ദി പറയുന്നതിനുവേണ്ടി നിയോജകമണ്ഡലംതല പര്യടനത്തിൽ പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ വിവിധ സ്വീകരണസ്ഥലങ്ങളിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

രാഷ്ട്രീയത്തിനതീതമായ ചിന്തയും പരിശ്രമവുമാണ് നാടിന്റെ വികസനത്തിന് ആവശ്യം. അതിനായി സാധ്യമായതെല്ലാം ചെയ്യും. വികസനത്തിന്റെ വികേന്ദ്രീകരണമാണ് ലക്ഷ്യം. അതുവഴിയേ എല്ലാവരിലും വികസനമെത്തിക്കുവാൻ കഴിയൂ. ഇതിലേക്കായി എംപിയുടെ വികസനഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കും. കൂടാതെ മണ്ഡലത്തിന്റെ പൊതുവായ വികസനത്തിന് കേന്ദ്രപദ്ധതികൾ നേടിയെടുക്കുന്നതിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കും. സ്വപ്നപദ്ധതിയായ കോട്ടയത്തെ നോളജ്സിറ്റിയാക്കി മാറ്റുന്നതിനായുള്ള കഠിനാധ്വാനവും ഉണ്ടാകുമെന്നും ജനങ്ങളോടു ജോസ് കെ. മാണി പറഞ്ഞു.

യുഡിഎഫ് ഇലക്ഷൻ കമ്മിറ്റി ചെയർമാൻ അഡ്വ.സണ്ണി പാമ്പാടി, ജോസഫ് ചാമക്കാല, ജോസ് വല്ലിയേലിൽ, ജോസ് കുടകശ്ശേരി, ജെയിംസ് തെക്കനാടൻ, ജോയി കൊറ്റത്തിൽ, മോളി തോമസ്, മറിയാമ്മ ജോർജുകുട്ടി, ലിസമ്മ ബേബി, ആന്റണി ജോസഫ്, ജോൺസൺ ചക്കുപാറ, ബിജു നാരായണൻ എന്നിവർ പ്രസംഗിച്ചു.


*തിരഞ്ഞെടുപ്പ് വിജയത്തിൽ വോട്ടർമാർക്ക് നന്ദി പറയുന്നതിന്റെ ഭാഗമായി അയർക്കുന്നം പഞ്ചായത്തിലെ പുന്നപ്രയിലെത്തിയ ജോസ് കെ.മാണിയ പൂച്ചെണ്ടുകൾ നല്കി കുട്ടികൾ സ്വീകരിക്കുന്നു.*

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK